# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. * 224

06.02.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

**ചോദ്യം**

**ശ്രീമതി സി.കെ. ആശ**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.വി.ആർ. സുനിൽ കുമാർ**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ
ക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാരിൽ സാമ്പത്തികമായും , സാമൂഹികമായും, വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നഴ്സറി സ്കൂളുകൾ<br>2. പ്രീ-മെട്രിക് വിദ്യാർത്ഥികൾക്കുള്ള<br>(a) ലംപ്സംഗ്രാന്റും , സ്റ്റൈപന്റും.<br>(b) 9,10 ക്ലാസ്സിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രസഹായ പദ്ധതി)<br>(c) മാനുവൽ സ്കാവൻജർമാരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്ര സഹായ പദ്ധതി)<br>(d) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്<br>(e)ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം<br>(f) ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.<br>(g) മോഡൽ റഡിസൻഷ്യൽ സ്കൂൾ<br>(h) പ്രീ മെട്രിക് ഹോസ്റ്റലുകൾ<br>(i) സബ്സിഡൈസ്ഡ് ഹോസ്റ്റൽ<br>(j) ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ.<br>3. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം<br>(a) ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും<br>(b) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ<br>(c) അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം |

| | | | |
|---|---|---|---|
| | | | (d)പ്രത്യേക പ്രോൽസാഹന സമ്മാനം<br>(e) റാങ്ക് ജേതാക്കൾക്ക് സ്വർണമെഡൽ<br>(f)ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്<br>(g) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം.<br>(h) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം<br>(i) എഞ്ചിനീയറിംഗ് / മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാൻറ്<br>(j) പ്രൈമറി / സെക്കന്ററി എഡ്യൂക്കേഷൻ എയിഡ്.<br>(k) ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം.<br>(l) സ്റ്റെതസ്കോപ്പ് വിതരണം.<br>(m) 2.50 ലക്ഷം രൂപയ്ക്കു താഴെ വാർഷിക വരുമാനമുള്ള കുട്ടികൾക്കു ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>(n)ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക്ധനസഹായം<br>(o)വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം.<br>(p) സംസ്ഥാനത്തിനു പുറത്ത് പഠിക്കുന്നവർക്കുള്ള ആനുകൂല്യം.<br>(q) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ആനുകൂല്യം.<br>(r)പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം<br>(s) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ.കൾ)<br>(t) കമ്മ്യൂണിറ്റി കോളേജ്, പാലക്കാട്<br>(u) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ<br>(v) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, തിരുവനന്തപുരം<br>(w) പാരാ മെഡിക്കൽ സ്ഥാപനങ്ങൾ.<br>(x)സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്<br>(y) മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്, പാലക്കാട്.<br>(z) ബുക്ക് ബാങ്ക് പദ്ധതി.<br>**4.** പഠനയാത്രയ്ക്കുള്ള സഹായം.<br>**5.** പാലക്കാട് മെഡിക്കൽ കോളേജ്.<br>**6.** ബിരുദ/ ബിരുദാനന്തര ബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ / ഉപാധികൾ വാങ്ങുന്നതിന് ധനസഹായം |

| | | | |
|---|---|---|---|
| | | | പട്ടികജാതി വികസന വകുപ്പ് സാമ്പത്തിക വളർച്ച ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സ്വയം തൊഴിൽ പദ്ധതി<br>2.വക്കീലന്മാർക്ക് ധനസഹായം<br>3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്<br>4. ടൂൾ കിറ്റ്<br>5. പട്ടികജാതിക്കാരുടെ 31.03.2010 നു മുമ്പ് കാലാവധി കഴിഞ്ഞ വായ്പ എഴുതി തള്ളൽ പദ്ധതി<br>6. ഉല്പന്ന പ്രദർശന വിപണന മേള<br>7. അംബേദ്കർ ഗ്രാമ വികസന പരിപാടി<br>പട്ടികജാതി വികസന വകുപ്പ് സാമൂഹിക അഭിവൃദ്ധിയ്ക്ക് വേണ്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വിവാഹ ധനസഹായം.<br>2. മിശ്ര വിവാഹിതർക്ക് ധനസഹായം.<br>3. ഭൂരഹിത പുനരധിവാസ പദ്ധതി.<br>4. ഭവന നിർമ്മാണ ധനസഹായം.<br>5. ഭവനപുനരുദ്ധാരണം / അഡീഷണൽ റൂം ധനസഹായപദ്ധതി.<br>6. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.<br>7. ടോയ് ലറ്റ് നിർമ്മാണം.<br>8. പട്ടികജാതി വികസന വകുപ്പ മന്ത്രിയുടെ ഔദ്യോഗികനാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി.<br>9. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത.<br>10. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം.<br>11. വിജ്ഞാൻവാടി.<br>12. ഹോമിയോ ഹെൽത്ത് സെന്റർ.<br>13. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തികസഹായം.<br>14. വാത്സല്യനിധി. |
| **(ബി)** | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി പദ്ധതി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി | **(ബി)** | ഉണ്ട്<br><br>**<u>വാത്സല്യനിധി പദ്ധതി</u>**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപാവരെ |

| | | | |
|---|---|---|---|
| | എന്നിവയുടെ പ്രവർത്തനങ്ങൾ വില യിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; | | വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺ കുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>**<u>പഠനമുറി</u>**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക്, 2017-18 വർഷം 5000 പഠനമുറി നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകി യിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതി നുള്ള നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു |
| **(സി)** | ഈസർക്കാർ പട്ടികജാതി വിദ്യാർത്ഥി കളുടെ വിവിധ വിദ്യാഭ്യാസ ആനുകൂ ല്യങ്ങൾക്കുള്ള തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | **(സി)** | ഉണ്ട്.<br>സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനു കൂല്യം 25% വർദ്ധിപ്പിച്ചിട്ടുണ്ട്. |
| **(ഡി)** | പട്ടികജാതിയിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം നൽകു ന്നുണ്ടോ ; വ്യക്തമാക്കുമോ? | **(ഡി)** | ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും വരുമാനപരിധി 1,00,000/- രൂപവരെയുള്ളതുമായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000/- രൂപ വിവാഹധന സഹായമായി നൽകുന്നു. ജാതി/ വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കു ന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത് സഹിതം ബ്ലോക്ക് മുൻസിപ്പൽ/കോർപ്പ റേഷൻ/ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവാഹ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ.**